**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2677** **04-03-2025 - ൽ മറുപടിയ്ക്ക്**

**സഹകരണ വകുപ്പിലെ വിജിലൻസ് സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ വകുപ്പിൽ വിജിലൻസ് സംവിധാനം നടപ്പിലാക്കിയതെന്നാണെന്നും എന്തെല്ലാമായിരുന്നു ലക്ഷ്യങ്ങളെന്നും എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ; | (എ) | സഹകരണ വകുപ്പിൽ വിജിലൻസ് സംവിധാനം നടപ്പിലാക്കിയത് 2008 മുതലാണ്. സഹകരണ സ്ഥാപനങ്ങളിലെ പണാപഹരണം, സാമ്പത്തിക ക്രമക്കേടുകൾ, അഴിമതികൾ, മറ്റ് ഗുരുതര ക്രമക്കേടുകൾ എന്നിവയിന്മേൽ അന്വേഷണം നടത്തുക എന്നതായിരുന്നു ലക്ഷ്യങ്ങൾ. 2008 വർഷം മുതൽ നാളിതുവരെ സഹകരണ സംഘം രജിസ്ട്രാർ 725 കേസുകളിൽ അന്വേഷണം നടത്തുന്നതിന് സഹകരണ വിജിലൻസിനെ ചുമതലപ്പെടുത്തിയിട്ടുള്ളതും ടി 725 കേസുകളിലും സഹകരണ വിജിലൻസ് അന്വേഷണം നടത്തിയിട്ടുള്ളതുമാണ്. |
| (ബി) | സഹകരണ വിജിലൻസ് സംവിധാനത്തിന്റെ നിലവിലെ പ്രവർത്തനം കാര്യക്ഷമമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | സഹകരണ വിജിലൻസിന്റെ പ്രവർത്തനം നിലവിൽ കാര്യക്ഷമമായി നടന്നുവരുന്നു. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സഹകരണ വിജിലൻസ് വിഭാഗം എത്ര കേസുകൾ കണ്ടുപിടിച്ചു ;വിശദാംശം ലഭ്യമാക്കുമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സഹകരണ വിജിലൻസ് വിഭാഗത്തിന് 124 കേസുകൾ അന്വേഷണത്തിനായി നൽകിയിട്ടുള്ളതും ആയതിൽ 92 കേസുകളിൽ അന്വേഷണം പൂർത്തിയാക്കി നടപടികൾക്ക് ശിപാർശ ചെയ്തിട്ടുമുണ്ട്. 23 കേസുകളിൽ അന്വേഷണം പൂർത്തിയാക്കി നടപടികൾ ആവശ്യമില്ലായെന്ന് ശിപാർശ ചെയ്തിട്ടുണ്ട്. ബാക്കി 9 കേസുകളിൽ അന്വേഷണ നടപടികൾ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ